REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 06.09-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- മഴവെള്ള സംഭരണത്തിന് ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗിദാരി' പദ്ധതി അല്പസമയത്തിനകം പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി ഉദ്ഘാടനം ചെയ്യും.
- സൈനിക പെൻഷൻകാർക്കായി സ്പർഷ് പദ്ധതി ഫലപ്രദമായി നടപ്പാക്കി വരുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.
- തദ്ദേശ വകുപ്പുമായ് ബന്ധപ്പെട്ട നിയമഭേദഗതികൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ്.
- മുഖ്യമന്ത്രി മാഫിയകളെ സംരക്ഷിക്കുകയാണെന്നാരോപിച്ച് കോൺഗ്രസ് സംഘടിപ്പിച്ച സെക്രട്ടേറിയറ്റ്- കലക്ടറേറ്റ് മാർച്ചിൽ പലയിടത്തും സംഘർഷം.
- ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര ആരംഭിച്ചു.

## വാർത്തകൾ വിശദമായി

മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതി പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം ഓൺലൈനായി ഉദ്ഘാടനം ചെയ്യും. പദ്ധതിയുടെ ഭാഗമായി ഗുജറാത്തിൽ ഏകദേശം 24,800 മഴവെള്ള സംഭരണികൾ നിർമിക്കും. ഇതിലൂടെ ദീർഘകാല ജല സുസ്ഥിരത ഉറപ്പാക്കുകയാണ് ലക്ഷ്യം.

ഗുജറാത്ത് ഗവൺമെന്റും ജൽ ശക്തി മന്ത്രാലയവും സംയുക്തമായാണ് സംരംഭം നടപ്പാക്കുന്നത്.

✪✪✪

ഇന്ത്യ-ജപ്പാൻ ഡിജിറ്റൽ ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, ജപ്പാൻ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മന്ത്രി ടാരോ കോനോയുമായി ടോക്കിയോയിൽ കൂടിക്കാഴ്ച നടത്തി. ഭാവിയിലെ സാങ്കേതിക മുന്നേറ്റങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഡിജിറ്റൽ ലാൻഡ്സ്കേപ്പിലെ സഹകരണം, നവീകരണം എന്നിവ ഇരു നേതാക്കളും ചർച്ച ചെയ്തു.

ഇരു രാജ്യങ്ങളും തമ്മിലെ തന്ത്രപരമായ പങ്കാളിത്തത്തിന്റെ നിലവിലെ അവസ്ഥയെയും ഭാവിയെയും കുറിച്ച് ജപ്പാൻ പ്രധാനമന്ത്രിയുടെ പ്രത്യേക ഉപദേഷ്ടാവ് മസാഫുമി മോറിയുമായി അശ്വനി വൈഷ്ണവ് ചർച്ച നടത്തിയിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബ്രൂണൈ - സിങ്കപ്പൂർ സന്ദർശനം തെക്കു - കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായി നയതന്ത്ര - സാമ്പത്തിക ബന്ധങ്ങളുടെ ആഴം കൂട്ടിയെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. ഇന്ത്യ- ബ്രൂണൈ സഹകരണം കൂടുതൽ മെച്ചപ്പെടുത്തിയതാണ് സന്ദർശനത്തിലെ പ്രധാന നേട്ടമെന്നും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

ഉക്രൈൻ പ്രതിസന്ധിയുമായി ബന്ധപ്പെട്ട സമാധാന ചർച്ചകളിൽ ഇന്ത്യയ്ക്കും ബ്രസീലിനും ചൈനയ്ക്കും മധ്യസ്ഥരായി പ്രവർത്തിക്കാമെന്ന് റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിൻ പറഞ്ഞു. ഉക്രൈനിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ രാജ്യങ്ങളിലെ നേതാക്കൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ടെന്നും ഈസ്റ്റേൺ എക്കണോമിക് ഫോറം പ്ലീനറി സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. റഷ്യ- ഉക്രൈൻ യുദ്ധത്തിൽ സമാധാനത്തിന്റെ പക്ഷത്താണ് ഇന്ത്യ എല്ലായ്പ്പോഴും നിലയുറപ്പിക്കുന്നതെന്നും, പുടിൻ അറിയിച്ചു.

✪✪✪

കൊൽക്കത്ത RG-കർ മെഡിക്കൽ കോളജ് ഹോസ്പിറ്റലിന്റെ മുൻ പ്രിൻസിപ്പൽ സന്തോഷ് ഘോഷ് സമർപ്പിച്ച ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. ആശുപത്രിയിലെ സാമ്പത്തിക ക്രമക്കേടുകളെ കുറിച്ച് CBI അന്വേഷണത്തിന് ഉത്തരവിട്ട കൊൽക്കത്ത ഹൈക്കോടതിയുടെ വിധിയെ ചോദ്യം ചെയ്താണ് ഹർജി.

✪✪✪

കേന്ദ്ര ആരോഗ്യമന്ത്രി JP നദ്ദ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് ബിഹാറിലെത്തും. പറ്റ്നയിൽ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിർമ്മിച്ച റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്തമോളജി അദ്ദേഹം ഉദ്ഘാടനം ചെയ്യും. മുസാഫർപൂർ, ഗയ, ദർഭംഗ, ഭഗൽപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് സ്കീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി ഈ മാസം 30 വരെ നീട്ടി. വിദ്യാർത്ഥികളുടെ അക്കാദമിക് പ്രകടനത്തെ അടിസ്ഥാനമാക്കി 10 മുതൽ 12 ക്ലാസ് വരെ സ്കോളർഷിപ്പുകൾ തുടരുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യരക്ഷാ സൈനിക പെൻഷൻകാർക്കായി സ്പർഷ് പദ്ധതി ഫലപ്രദമായി നടപ്പാക്കി വരുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. പെൻഷൻകാർക്കായി തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ സംഘടിപ്പിച്ച സ്പർഷ് ഔട്ട്റീച്ച് പ്രോഗ്രാമിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു ഗവർണർ.

സൈനികരെയും സൈനികരുടെ കുടുബത്തെയും സഹായിക്കുന്നതിൽ സ്പർഷ് പദ്ധതി വലിയ പങ്കാണ് വഹിക്കുന്നതെന്നും ഗവർണർ പറഞ്ഞു. തിരുവനന്തപുരത്തും സമീപ ജില്ലകളിലും നിന്നുമായി 1,500 ഓളം ഡിഫൻസ് പെൻഷൻകാർ സ്പർഷ് ഔട്ട്റീച്ച് പ്രോഗ്രാമിൽ പങ്കെടുത്തു.

✪✪✪

തദ്ദേശ വകുപ്പുമായ് ബന്ധപ്പെട്ട നിയമഭേദഗതികൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. കോഴിക്കോട്ട് ജില്ലാതല തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിലവിൽ പരാതികൾ തീർപ്പാവാതെ കിടക്കുന്നതിന് പ്രധാന കാരണം ചട്ടങ്ങളിലെ അവ്യക്തയാണെന്നും, ഉദ്യോഗസ്ഥർ തീരുമാനമെടുക്കാൻ മടിക്കുകയാണെന്നും രാജേഷ് പറഞ്ഞു.

ഇത് പരിഹരിക്കുന്നതിനായി ചട്ടഭേദഗതികളിലൂടെ വ്യക്തത വരുത്തും. നേരത്തേ നടത്തിയ ശിൽപശാലയിൽ 106 ചട്ടങ്ങളിലായി 351 ഭേദഗതികൾ ആവശ്യമാണെന്ന് കണ്ടെത്തിയിരുന്നു. ഇതിനാവശ്യമായ നിയമഭേദഗതികൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

മുഖ്യമന്ത്രി മാഫിയകളെ സംരക്ഷിക്കുക യാണെന്നാരോപിച്ച് കോൺഗ്രസിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലേക്കും കലക്ടറേറ്റുകളിലേക്കും സംഘടിപ്പിച്ച പ്രതിഷേധ മാർചിൽ പലയിടത്തും സംഘർഷമുണ്ടായി.

തിരുവനന്തപുരത്ത് ആശാൻ സ്ക്വയറിൽ നിന്നാരംഭിച്ച സെക്രട്ടറിയേറ്റ് മാർച്ച് കോൺഗ്രസ്സ് നേതാവ് ദീപാ ദാസ്മുൻഷി ഉദ്ഘാടനം ചെയ്തു. പൊലീസിനെ ഉപയോഗിച്ചു ജനാധിപത്യ പോരാട്ടങ്ങളെ അടിച്ചമർത്തുന്ന പിണറായി വിജയൻ ഒരു നിമിഷം പോലും മുഖ്യമന്ത്രി സ്ഥാനത്ത് തുടരരുതെന്ന് അധ്യക്ഷ പ്രസംഗത്തിൽ KPCC പ്രസിഡന്റ് Kസുധാകരൻ പറഞ്ഞു. കണ്ണൂരിൽ പ്രതിഷേധക്കാരും പൊലീസും തമ്മിൽ സംഘർഷമുണ്ടായി. സമരക്കാരെ പിരിച്ചുവിടാൻ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

സംസ്ഥാനത്ത് നിയമവാഴ്ച തകർന്നതിന് തെളിവാണ് ഭരണകക്ഷി MLAയുടെ വെളിപ്പെടുത്തലെന്ന് മുസ്ലിം ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി P.K.കുഞ്ഞാലിക്കുട്ടി പറഞ്ഞു. സംസ്ഥാനത്തെ ഉന്നതപൊലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ക്രിമിനൽ ബന്ധങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണമാണ് വേണ്ടതെന്ന് അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. ജനാധിപത്യ വിരുദ്ധ നിലപാടിനെതിരെ പ്രതിപക്ഷം നടത്തുന്ന സമരങ്ങൾ അടിച്ചമർത്താനാണ് ഗവണ്മെന്റ് ശ്രമിക്കുന്നതെന്നും

ഇതിനെതിരെ ശക്തമായ പ്രക്ഷോഭത്തിന് മുസ്ലിം ലീഗും യു ഡി എഫും നേതൃത്വം നൽകുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് കോൺഗ്രസിന്റെയും പ്രതിപക്ഷത്തിന്റെയും പ്രതിഷേധം രാഷ്ട്രീയ ലക്ഷ്യത്തോടെയെന്ന് മന്ത്രി MB രാജേഷ് കുറ്റപ്പെടുത്തി. വരാനിരിക്കുന്ന നിയസമഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് പ്രതിഷേധമെന്ന് അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

P.V അൻവർ MLA ADGP യ്ക്കും ആഭ്യന്തര വകുപ്പിനുമെതിരെ ഗുരുതരമായ ആരോപണമുന്നയിച്ചിട്ടും വിഷയത്തെ ഗൗരവമായി പരിഗണിക്കാതെ ജനങ്ങളെ പരിഹസിക്കുന്ന നിലപാടാണ് മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്ന് BJP ദേശീയസമിതിയംഗം C.K പദ്മനാഭൻ കണ്ണൂരിൽ പറഞ്ഞു. അൻവറിന്റേത് കേവലം ഒരു ആരോപണം മാത്രമല്ലെന്നും രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെയും ദേശീയ സുരക്ഷയെയും ബാധിക്കുന്നതാണെന്നും C.K.പദ്മനാഭൻ പറഞ്ഞു.

✪✪✪

ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര ആരംഭിച്ചു.

സംസ്ഥാനത്തിന്റെ സാംസ്കാരിക വൈവിധ്യവും, കലാപാരമ്പര്യവും വിളിച്ചോതുന്ന അത്തച്ചമയ ഘോഷയാത്ര തൃപ്പൂണിത്തുറയിലെ നഗരവീഥികളിൽ പുരോഗമിക്കുകയാണ്. ചെണ്ടമേളങ്ങളുടെയും, നാടൻ കലാരൂപങ്ങളുടെയും, വർണ്ണ വൈവിധ്യങ്ങളുടെയും അകമ്പടിയോടെ സംസ്ഥാനത്തിന്റെ പൈതൃകം വിളിച്ചോതുന്ന നിരവധി കലാകാരന്മാരാണ് ഘോഷയാത്രയിൽ പങ്കുചേർന്നത്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ , ദുരിത ബാധിതരെ അനുസ്മരിച്ചും അവരുടെ ദുഃഖത്തിൽ പങ്കുചേർന്നുമാണ് ഇത്തവണ അത്തം ഘോഷയാത്ര അരങ്ങേറിയത്. രാവിലെ അത്തം നഗറായ തൃപ്പൂണിത്തുറ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ സ്പീക്കർ A.N ഷംസീർ ഘോഷ യാത്ര ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് ഓണം സഹകരണ വിപണി മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത്

ഉദ്ഘാടനം ചെയ്യും. മഞ്ഞ കാർഡ് ഉടമകൾക്ക് ഓണക്കിറ്റ് തിങ്കളാഴ്ച മുതൽ നൽകും. കുടുംബശ്രീ ഓണച്ചന്തകൾ മന്ത്രി MB രാജേഷ് ചൊവ്വാഴ്ച പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂരിൽ സപ്ലൈകോയുടെ ഓണം ഫെയർ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. കണ്ണൂർ താലൂക്ക് കോൺഫറൻസ് ഹാളിലെ ഫെയറിൽ പതിമൂന്നിന സബ്സിഡി സാധനങ്ങൾക്ക് പുറമേ, പ്രമുഖ ബ്രാൻഡുകളുടെ 200 ലധികം ഉൽപ്പന്നങ്ങൾ വിലക്കുറച്ച് നൽകും.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ ഓണാഘോഷ പരിപാടികളാണ് ഒഴിവാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. മറ്റ് ഓണാഘോഷ പരിപാടികൾ ഗവൺമെന്റ് വിലക്കിയെന്ന ആശങ്ക അടിസ്ഥാന രഹിതമാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

പാരിസ് പാരാലിമ്പിക്സിൽ ഒൻപതാം ദിനമായ ഇന്ന് ഹൈജമ്പിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ പ്രവീൺകുമാർ ഫൈനലിൽ മത്സരിക്കും. കൂടാതെ ജാവലിൻ, ഷോട്പുട്ട്, ഭാരോദ്വഹനം തുടങ്ങിയ ഇനങ്ങളിലും മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരിക്കും

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ ഉച്ചയ്ക്ക് 2.30 ന് ആലപ്പി റിപ്പിൾസ്, ഏരീസ് കൊല്ലം സെയിലേഴ്സിനെ നേരിടും. മറ്റൊരു മത്സരത്തിൽ വൈകീട്ട് 6.45 ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

✪✪✪

ഹേമാകമ്മിറ്റി റിപ്പോർട്ടിൽ സ്ത്രീകൾക്കെതിരായ പീഡന പരാമർശത്തിൽ ഉൾപ്പെട്ടവർക്കെതിരെ ക്രിമിനൽ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. മുൻ MLA ജോസഫ് M പുതുശ്ശേരിയാണ് കോടതിയെ സമീപിച്ചത്. നേരിട്ട് നിയമ നടപടിയ്ക്ക് തയ്യാറാകാൻ മൊഴി നൽകിയവർക്ക് പ്രയാസമുണ്ടെന്ന്

റിപ്പോർട്ടിൽ തന്നെ വ്യക്തമാക്കിയതിനാൽ കോടതി നേരിട്ട് നടപടി സ്വീകരിക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം.

✪✪✪

മലയാള സിനിമാസെറ്റുകളിലെ കാരവൻ ഉടമകളുടെ യോഗം ഇന്ന് കൊച്ചിയിൽ ചേരും. സിനിമാനിർമ്മാതാക്കളുടെ നേതൃത്വത്തിലാണ് യോഗം. സെറ്റുകളിൽ ഒളിക്യാമറ കണ്ടെന്ന് നടി രാധികാ ശരത് കുമാർ വെളിപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിലാണ് യോഗം.

✪✪✪

കണ്ണൂർ സർവകലാശാല നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സുമായി ചേർന്ന് ഇൻഡസ്ട്രിയൽ കോൺക്ലേവ്' സംഘടിപ്പിച്ചു. കണ്ണൂർ സർവകലാശാലയെ വ്യവസായ സൗഹൃദമാക്കി മാറ്റുകയെന്ന ലക്ഷ്യത്തിന്റെ പ്രാരംഭ നടപടിയായാണ് കോൺക്ലേവ് എന്ന് വൈസ്-ചാൻസലർ പറഞ്ഞു.

✪✪✪

കോഴിക്കോട് കൂടരഞ്ഞിയിൽ സ്വകാര്യ ആശുപത്രി പരിസരത്ത് യുവാവ് ഷോക്കേറ്റു മരിച്ചു. തിരുവമ്പാടി ചവലപ്പാറ സ്വദേശി അബിൻ വിനു ആണ് മരിച്ചത്. തിരുവമ്പാടി പോലീസ് അന്വേഷണം തുടങ്ങി.

✪✪✪

വടകര മുനിസിപ്പൽ ടൗൺഹാളിൽ PIB യും CBC യും ചേർന്ന് സംഘടിപ്പിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രദർശനവും ബോധവൽക്കരണ പരിപാടികളും ഇന്ന് സമാപിക്കും. അഞ്ചു ദിവസത്തെ പരിപാടിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെ കുറിച്ച് ക്ലാസുകൾ സംഘടിപ്പിച്ചു. ആധാർ പുതുക്കാനും സൗകര്യം ഒരുക്കിയിരുന്നു. സൗജന്യ ആയുർവേദ - ഹോമിയോ മെഡിക്കൽ ക്യാമ്പിൽ നിരവധി പേർ പങ്കെടുത്തു. നാഷണൽ ഹെൽത് മിഷന്റെ ആരോഗ്യ പരിശോധനയും ഒട്ടേറെ പേർ പ്രയോജനപ്പെടുത്തി.

ഇന്ന് തപാൽ വകുപ്പിന്റെ പദ്ധതികളെകുറിച്ച് ക്ലാസുണ്ടായിരിക്കും. നശാ മുക്ത ഭാരത് അഭിയാന്റെ ഭാഗമായി ലഹരി ബോധവൽകരണ ക്ലാസും നടത്തും.

✪✪✪